ശ്രീ. കെ. പി. നൂറുദ്ദീൻ: നെല്ലിയാമ്പതി പ്രദേശത്ത് പല വിധത്തിലുള്ള ഭൂമി ലീസിനു കൊടുത്തിട്ടുണ്ട്. മഹാരാജാക്കൻമാരുടെ കാലത്ത് കൊടുത്തിട്ടുള്ള സ്ഥലങ്ങളാണ്. അവിടെ വെള്ളം തളം കെട്ടി നിന്ന് മരങ്ങളെല്ലാം കേടു സംഭവിച്ചതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വനസംരക്ഷണനിയമം അനുസരിച്ച് അതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുമുണ്ട്.

ശ്രീ. വി. സുരേന്ദ്രൻപിള്ള: ലീസിനുകൊടുത്ത വസ്തുക്കളും—കന്നിഏലത്തോട്ടങ്ങളും—തിരിച്ചെടുക്കുന്നുവെന്ന് ബഹുമ്യനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞു. വളരെ പഴക്കമുള്ള 1977—നുശേഷംവളരെ വർഷങ്ങൾക്ക് മുമ്പ് ലീസിനുകൊടുത്തിട്ടുള്ള ഭൂമി ആ ചെറുകിട കൃഷിക്കാർക്ക് തന്നെ പതിച്ചുകൊടുക്കുന്നതിന്—പട്ടയംകൊടുക്കുന്നതിന് ഉള്ള നടപടികളും ഗവൺമെൻറ് സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: കന്നിഏലത്തിനുവേണ്ടി കൊടുത്തിട്ടുള്ള സ്ഥലങ്ങളും തിരിച്ചെടുക്കണമെന്നുള്ളതാണ് ഗവൺമെൻറിന്റെ ഇപ്പോഴത്തെ നയം.

ശ്രീ. പി. പി. തങ്കച്ചൻ: ഔദ്യോഗികമായി മലയാളമനോരമ, മാതൃഭൂമി മുതലായ പത്രങ്ങളിൽ കന്നിഏലത്തോട്ടങ്ങളും ഉൾപ്പെടെയുള്ള എല്ലാ തോട്ടങ്ങളുടേയും പാട്ടവ്യവസ്ഥകളും നീട്ടിക്കൊടുക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നതായി വാർത്ത വരികയും, തുടർന്ന് കൈവശക്കാർ വീണ്ടും ആ ഭൂമികളിൽ കൃഷിയിറക്കുകയും ചെയ്തിട്ടുണ്ട്. ആ വിവരത്തിന് ബഹുമാനപ്പെട്ട മന്ത്രിക്ക് അവർ മെമ്മോറാണ്ഡവും തന്നിട്ടുണ്ട്. അത് പരിഗണിച്ച് അവർക്ക് പാട്ടവ്യവസ്ഥകളും നീട്ടിക്കൊടുക്കാൻ ആവശ്യമായ നടപടികളും എടുക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഇതിന്റെ കാലാവധി തീരുന്ന മുറയ്ക്ക് ആദിവാസികളും അവരുടെ ഉപജീവനമാർഗ്ഗത്തിനുവേണ്ടി നേരിട്ട് നടത്തുന്നതൊഴിച്ചുള്ള കന്നിഏലത്തോട്ടങ്ങളും തിരിച്ചെടുക്കണമെന്നുള്ളതാണ് ഗവൺമെൻറിന്റെ തീരുമാനം.

കൃത്രിമ ആധാരങ്ങൾ

* 536 [573] ശ്രീ. പി. സി. ജോർജ്ജ്:
,, എം. വി. മാണി:
,, സി. എഫ്. തോമസ്:
,, ടി. എസ്. ജോൺ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്ത് വനഭൂമി സംബന്ധിച്ച് കൃത്രിമ ആധാരങ്ങൾ അടുത്തകാലത്ത് ചമച്ചതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(സി) അപ്രകാരം കൃത്രിമ ആധാരങ്ങൾ ചമച്ച് ആളുകൾക്ക് എതിരെ ഇതിനകം എന്തു നടപടി സ്വീകരിച്ചു;

(ഡി) ഇത്തരം ആധാരങ്ങൾ രജിസ്റ്റർ ചെയ്തു കൊടുക്കുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വനം വകുപ്പു മന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

(എ) ഉണ്ട്.

(ബി) റാന്നി ഡിവിഷനിൽ വലിയകാവ് പ്രൊട്ടക്റ്റഡ് റിസർവിൽപ്പെട്ട സ്ഥലം കൃത്രിമമായി വെണ്ണിക്കുളം സബ്രജിസ്ട്രാറുടെ ഓഫീസിൽ ആധാരങ്ങൾ ചമച്ചതായി അറിഞ്ഞിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിൽ ചതിരൂർ മലയിലെ 200 ഏക്കറോളം കുമിക്ക് ചിലർ കൃത്രിമമായി പ്രമാണങ്ങൾ രജിസ്റ്റർ ആക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) റാന്നി സബ് ഡിവിഷനിൽ വലിയകാവ് പ്രൊട്ടക്റ്റഡ് റിസർവിൽപ്പെട്ട സ്ഥലത്തെപ്പറ്റി 5 കേസുകൾ പത്തനംതിട്ട സബ് കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ഒരു അവകാശ തർക്കം ഇപ്പോൾ ഹൈക്കോടതിയിൽ നടന്നുവരുന്നു. ചതിരൂർ മലയിലെ ഭൂമിയുടെ രജിസ്ട്രേഷൻ സംബന്ധിച്ചു പോലീസ് വിജിലൻസ് അന്വേഷണം നടത്തിവരുന്നു.

(ഡി) ഇത്തരം ആധാരങ്ങൾ രജിസ്റ്റർ ചെയ്തുകൊടുത്ത സബ് രജിസ്ട്രാറൻമാരെ സസ്പെൻഡ് ചെയ്ത് അച്ചടക്കനടപടി എടുത്തുവരുന്നുണ്ട്.

ശ്രീ. പി. സി. ജോർജ്ജ്: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്നു മനസ്സിലായത് നമ്മുടെ സംസ്ഥാനത്തെ വനങ്ങൾ ഏതെങ്കിലും ഉദ്യോഗസ്ഥൻ വിചാരിച്ചാൽ ആർക്കെങ്കിലും ആധാരംചെയ്തു കൊടുക്കാവുന്ന നിലയിലാണെന്നാണ്. ഇപ്പോൾ റാന്നിയിലും കണ്ണൂരിലും ഇതുപോലെയുള്ള കേസുകളുണ്ടായതായി ബഹുമാനപ്പെട്ട മന്ത്രി പറയുകയും ചെയ്തു. എനിക്ക് അറിയേണ്ടത് മേലിലെങ്കിലും കേരള സംസ്ഥാനത്തെ വനങ്ങൾ ഇതുപോലെ രജിസ്റ്റർ ചെയ്യപ്പെടുന്ന സാഹചര്യം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി എന്തു നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടെന്നാണ്?

ശ്രീ. കെ. പി. നൂറുദ്ദീൻ: വനമായി ഉദ്ദേശിച്ച് നിർദ്ദേശിക്കപ്പെട്ട വനമേഖലയിൽ സർവ്വേ ചെയ്തു തിട്ടപ്പെടുത്തി പുതിയ സർവ്വേ നമ്പർ കൊടുക്കാത്ത സ്ഥലങ്ങളിൽ വനംവകുപ്പിനേയും റവന്യൂ വകുപ്പിനേയും അനുവാദത്തോടുകൂടിമാത്രമേ രജിസ്ട്രേഷൻ നടക്കാൻ പാടുള്ളൂവെന്ന ഒരു നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതെത്തുടർന്ന് കൃഷിക്കാർക്ക് ചില ബുദ്ധിമുട്ടുകളുണ്ടായിട്ടുള്ളതായിട്ടും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ്ജ്: ആ ഉത്തരം ശരിയല്ലെന്നാണ് എനിക്ക് തോന്നുന്നത്. 1976-ന് മുമ്പ് കുടിയേറിയ കൃഷിക്കാർക്ക് പട്ടയം കൊടുക്കാൻവേണ്ടി റവന്യൂ ഡിപ്പാർട്ടുമെന്റും വനം ഡിപ്പാർട്ടുമെന്റും

LIBRARY ARCHIVES Kerala Legislative Assembly

കൂടി ജോയിൻറ് വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് കൊടുക്കുമെന്നു പറഞ്ഞു. ഇത് 1982-ൽ തുടങ്ങിയതാണ്. 1986 അവസാനിച്ചിട്ടും ഇതുവരെയും തീർന്നിട്ടില്ല. അതിന്റെ റിപ്പോർട്ടും വന്നിട്ടില്ല. ഈ സംസ്ഥാനത്ത് ആർക്കും പട്ടയവും കിട്ടിയിട്ടില്ല. ഈ നിലയ്ക്ക് വന ഭൂമി മുഴുവൻ നഷ്ടപ്പെടുന്ന സാഹചര്യമാണ് ഇവിടെ ഇപ്പോഴുള്ളത്. ഏതെങ്കിലും ഉദ്യോഗസ്ഥൻ ആഗ്രഹിച്ചാൽ ഏതു വ്യക്തിക്കും വന ഭൂമി രജിസ്റ്റർ ചെയ്തുകൊടുക്കാൻ കഴിയുമെന്ന നിയമമാണ് ഇപ്പോഴും ഇവിടെ നിലനിൽക്കുന്നത്. റവന്യൂ ഡിപ്പാർട്ടുമെൻറും വനം ഡിപ്പാർട്ടുമെൻറും കൂടിയാലോചിച്ചു നിയമനിർമ്മാണമുണ്ടാക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അതിനകത്തും കർഷകരുടെ തർക്കമുണ്ടെന്നു പറയുന്നു. ഇതു അംഗീകരിക്കാൻ കഴിയുകയില്ല. ഈ സംസ്ഥാനത്തെ വനം മുഴുവൻ ഉദ്യോഗസ്ഥൻമാർ സൗകര്യംപോലെ എഴുതിക്കൊടുക്കുന്നു. ഈ രീതിയിൽ കള്ളപ്രമാണങ്ങൾ നടക്കുമ്പോൾ പത്രങ്ങളിൽ വാർത്ത വരും. റാന്നിയിൽ നടന്ന രജിസ്ട്രേഷനെപ്പറ്റി പത്രങ്ങളിൽ വന്ന വാർത്ത വായിച്ചാൽ ആ നിയോജകമണ്ഡലത്തിലെ എം. എൽ. എ. ആയ ബഹുമാനപ്പെട്ട ടി. എസ്. ജോൺ കൂട്ടുനിന്നാണ് കള്ളപ്രമാണങ്ങൾ ചെയ്യിച്ചതെന്നു തോന്നുന്ന രീതിയിലായിരുന്നു. പൊതുപ്രവർത്തകരെ രക്ഷിക്കാൻവേണ്ടിയെങ്കിലും മേലിൽ വനം ഡിപ്പാർട്ടുമെൻറ് കള്ളപ്രമാണം രജിസ്റ്റർ ചെയ്യുന്ന നടപടി അവസാനിപ്പിക്കുമോ? റവന്യൂ ഡിപ്പാർട്ടുമെൻറ് ഏതു തീരുമാനം എടുത്താലും മേലിൽ ഇതുപോലെയുണ്ടാകാതിരിക്കാനുള്ള നടപടി സ്വീകരിക്കാൻ മന്ത്രി തയ്യാറാകുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: പ്രധാനമായിട്ട് രണ്ടു കാര്യങ്ങൾ ഞാൻ ആദ്യമേ നിഷേധിക്കുന്നു. ഒന്ന് ശ്രീ. ടി. എസ്. ജോണിന്റെ നിയോജകമണ്ഡലത്തിലല്ല ആ രജിസ്ട്രേഷൻ നടന്നത്. രണ്ട് ഈ രണ്ടു സ്ഥലത്തും നടന്ന കള്ളപ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെൻറിന്റെ ഒരു തുണ്ടു ഭൂമിപോലും നഷ്ടപ്പെട്ടിട്ടില്ല. നഷ്ടപ്പെടാൻ സാദ്ധ്യവുമല്ല. അതെല്ലാം അതിർത്തി തിരിച്ചു ഇപ്പോൾ ഗവൺമെൻറിന്റെ കയ്യിൽ നിക്ഷിപ്തമാണ്. കള്ളപ്രമാണങ്ങൾ നടത്തുന്നതായി പറഞ്ഞു. നിലവിലുള്ള രജിസ്ട്രേഷൻ നിയമമനുസരിച്ച് വേണമെങ്കിൽ ഈ അസംബ്ലിഹാളിൽത്തന്നെ ഏതെങ്കിലും ഒരു മെമ്പർക്ക് ആരുടെയെങ്കിലും പേരിൽ തീറെഴുതിക്കൊടുക്കാൻ നമ്മുടെ രജിസ്ട്രേഷൻ നിയമമനുസരിച്ചു വലിയ വിഷമമുണ്ടാകുകയില്ല.

മി. സ്പീക്കർ: അത് ആർക്കും തോന്നാതിരിക്കട്ടെ.

ശ്രീ. എം. വി. മാണി: കൃത്രിമ ആധാരങ്ങളുണ്ടാക്കുന്നതിൽ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികൾക്ക് ബന്ധമുള്ളതായി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: കൃത്രിമ ആധാരങ്ങളിൽ കക്ഷി വ്യത്യാസമൊന്നുമില്ല. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുണ്ട്. മറ്റു കക്ഷികളുണ്ട്. എല്ലാപേരുമുണ്ട്.

ശ്രീ. എം. വി. മാണി: മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെന്നു പറഞ്ഞു. മറ്റു കക്ഷികളെന്നു പറഞ്ഞത് ആരാണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ: കക്ഷി തിരിച്ചുള്ള പട്ടിക ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. സി. എഫ്. തോമസ്: രണ്ടു സ്ഥലത്തു കൂടെ ആധാരങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടു. എത്ര ഹെക്ടർ ഭൂമി ഇങ്ങനെയുള്ള കള്ളയാധാരംവഴി കൈമാറ്റം ചെയ്തിട്ടുണ്ട്?

ശ്രീ. കെ. പി. നൂറുദ്ദീൻ: ചതിരൂർ മലയിലെ 200 ഏക്കർ സ്ഥലമായിരിക്കും ഉദ്ദേശിച്ചത്. പക്ഷേ ആ സ്ഥലത്ത് അവർ പ്രവേശിക്കുകയോ കൈവശപ്പെടുത്തുകയോ ചെയ്തിട്ടില്ല. മറ്റേ സ്ഥലത്താണെങ്കിൽ രണ്ടും മൂന്നും ആധാരങ്ങളിലായിട്ട് ഒരു ആധാരത്തിൽ അഞ്ച് ഏക്കർ വേറൊരു സ്ഥലത്തു ഏഴേക്കർ തുടങ്ങി വ്യത്യസ്ത നിരക്കിലാണ് ഉണ്ടായിട്ടുള്ളത്.

ശ്രീ. സി. എഫ്. തോമസ്: നിലവിലുള്ള രജിസ്ട്രേഷൻ നിയമത്തിന്റെ ഗുരുതരാവസ്ഥ പരിഗണിച്ചുകൊണ്ട് ഈ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്താൻ മന്ത്രി മുൻകൈ എടുക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഈ രജിസ്ട്രേഷൻ നിയമത്തിലെ പ്രധാനപ്പെട്ട ഒരു കാര്യം എഴുതിക്കൊടുക്കുന്ന വ്യക്തി രജിസ്റ്ററർ ഓഫീസിൽ പോയാൽ രജിസ്ട്രേഷൻ നടക്കും. അവർ കൊണ്ടുകൊടുക്കുന്ന നാലതിരും മറ്റു കാര്യങ്ങളും മാത്രമേ അതിൽ കാണിക്കേണ്ടതുള്ളൂ. ഇപ്പോൾ എഴുതിവാങ്ങിക്കുന്നയാളും എഴുതിക്കൊടുക്കുന്ന ആളും രജിസ്റ്ററാഫീസിൽ പോകണമെന്നു നിയമത്തിൽ വ്യവസ്ഥയില്ല. അതുകൊണ്ട് ഈ നിയമത്തിൽ അങ്ങനെയൊരു മാറ്റം വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. പക്ഷേ ഇതു കേന്ദ്രനിയമമാണ്. നമുക്ക് മാറ്റം വരുത്താൻ നിവൃത്തിയില്ല. കേന്ദ്ര ഗവൺമെന്റാണ് മാറ്റം വരുത്തേണ്ടത്.

ശ്രീ. ടി. എസ്. ജോൺ: കൃത്രിമ ആധാരങ്ങൾ മൂലം നമ്മുടെ വസ്തുവിൽ എന്തെങ്കിലും കയ്യേറ്റങ്ങൾ ഇതുവരെയായിട്ട് നടന്നിട്ടുണ്ടോ? അങ്ങനെയുണ്ടാകാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഈ രണ്ടു സ്ഥലത്തും യാതൊരു പ്രവേശനവും ഇതുവരെ നടന്നിട്ടില്ല. നടത്താനുള്ള സാദ്ധ്യതയുമില്ല. അതിന് എല്ലാ കരുതൽ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ടി. എസ്. ജോൺ: വനപ്രദേശങ്ങളെല്ലാം വെൽപ്രൊട്ടക്റ്റഡ് ആണോ? നാലു വശവും ജണ്ടയിട്ട് സംരക്ഷിക്കപ്പെട്ടിട്ടുള്ള പ്രദേശങ്ങളാണോ? അവിടെ കയ്യേറാൻ ആർക്കെങ്കിലും സാധിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഈ രണ്ടു സ്ഥലവും അതിർത്തി തിരിക്കുവാൻ ജണ്ടയിട്ട് ഭദ്രമാക്കിയിട്ടുണ്ട്. ആർക്കും അവിടെ പ്രവേശിക്കുവാൻ ഇന്നത്തെ നിലയിൽ സാധിക്കുകയില്ല.

ശ്രീ. ടി. എസ്. ജോൺ: ആധാരമെഴുതുമ്പോൾ വാങ്ങുന്നയാൾ രജിസ്റ്ററർ കച്ചേരിയിൽ പോകേണ്ടയാവശ്യമില്ലെന്നുള്ളതാണ് ഇപ്പോഴത്തെ നിയമം. അതു മാറ്റുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ മാർഗ്ഗമെന്താണ്? ഇപ്പോൾ ചുമ്മാതെനിൽക്കുന്ന ഒരാളിന്റെ പേരിലും പോയി ആധാരമെഴുതാം. ഇതുപോലെയുള്ള വനങ്ങൾ ഏതെങ്കിലും പൊതുപ്രവർത്തകരുടെ പേരിൽ ഒരാൾ എഴുതിവച്ചാൽ പത്രങ്ങളിലൊക്കെ വന്ന് കുറച്ച് കൺഫ്യൂഷനുണ്ടാക്കാൻ കഴിയും. ആ

LIBRARY ARCHIVES Kerala Legislative Assembly

നിലയ്ക്ക് വാങ്ങുന്നയാളും രജിസ്റ്ററർ കച്ചേരിയിൽ ചെന്നിരിക്കണം. അങ്ങനെയാണെങ്കിൽ മാത്രമേ രജിസ്റ്ററർ ചെയ്യാവൂ എന്നുള്ള ഒരു നിർദ്ദേശം ഒരു സർക്കുലർ മുഖേന നമ്മുടെ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിന് കൊടുക്കാൻ ഗവൺമെൻറ് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ആ നിർദ്ദേശം സർക്കുലർ മുഖേന കൊടുത്താൽ അതിന് നിയമ പ്രാബല്യം ഇല്ല. നിലവിലിരിക്കുന്ന ജോസ്ട്രേഷൻ ആക്റ്റ് അനുസരിച്ചു എഴുതിക്കൊടുക്കുന്നയാൾ മാത്രം പോയാൽമതി. അതുകൊണ്ട് എഴുതിക്കൊടുക്കുന്നയാളും എഴുതി വാങ്ങിക്കുന്നയാളും രജിസ്റ്ററാഫീസിൽ ഹാജരാകണമെന്ന വ്യവസ്ഥ നിയമത്തിൽ പ്രത്യേകമായി വേണം. രണ്ടാമത്തെ കാര്യം ഗവൺമെൻറിന്റെ താൽപ്പര്യത്തിന് വിരുദ്ധമായി എവിടെയെങ്കിലും രജിസ്ട്രേഷനുകൾ നടന്നാൽ അതു റദ്ദാക്കുന്നതിന് ഇന്നു നിയമത്തിൽ വ്യവസ്ഥയില്ല. അതുകൊണ്ട് ഗവൺമെൻറിന്റെ താൽപ്പര്യത്തിന് വിരുദ്ധമായി നടത്തപ്പെടുന്ന രജിസ്ട്രേഷനുകൾ പരിശോധിച്ച് റദ്ദാക്കുന്നതിന് ഗവൺമെൻറിനുകൂടി അധികാരം വേണമെന്ന ഒരു ആലോചനയും ഗവൺമെൻറിന്റെ മുമ്പിലുണ്ട്.

ശ്രീ. തോമസ് കല്ലമ്പള്ളി: മിച്ചഭൂമിയായി പതിച്ചുകൊടുത്ത സ്ഥലങ്ങൾ 12 വർഷം കഴിയാതെ എഴുതിക്കൊടുക്കാൻ പാടില്ലെന്നാണ് നിയമം. പക്ഷേ 12 വർഷം കഴിയാതെതന്നെ എല്ലാപേരും രജിസ്റ്ററർ ചെയ്തത് എഴുതിക്കൊടുക്കുന്നതുകൊണ്ട് വലിയ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് നമ്മുടെ രജിസ്ട്രേഷൻ ആക്റ്റിൽ അടിയന്തിരമായി മാറ്റം മുണ്ടാകണം. ആർക്കും ആരുടേയും ഭൂമി എഴുതിക്കൊടുക്കാനുള്ള അവകാശം എടുത്തുകളഞ്ഞ് ഇന്നത്തെ നില മാറ്റാൻ നടപടി എടുക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: രജിസ്ട്രേഷൻ ആക്റ്റിൽ മാറ്റം വരുത്താൻ നമുക്ക് അധികാരമില്ലെന്നു ഞാൻ നേരത്തേ പറഞ്ഞു. ഇതു സെൻട്രൽ ആക്റ്റാണ്. കേന്ദ്രഗവൺമെൻറിന് മാത്രമേ ഇതു മാറ്റാൻ അധികാരമുള്ളൂ. ഞാൻ ആദ്യം ചൂണ്ടിക്കാണിച്ച രണ്ടു വിഷയങ്ങളെക്കുറിച്ചും ഗവൺമെൻറ് ഇപ്പോൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ആദ്യത്തെ പരിശോധനയിൽ നിയമവകുപ്പ് അനുകൂലമായ അഭിപ്രായമല്ല രേഖപ്പെടുത്തിയത്. എന്നിരുന്നാലും വീണ്ടും പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. സി. ജോസഫ്: കണ്ണൂർ ജില്ലയിലെ ചതിരൂർ മലയിലുള്ള ഭൂമി അന്യാധീനപ്പെട്ടെന്നു പറയുകയുണ്ടായി. പക്ഷേ ആ കൃത്രിമ ആധാരങ്ങൾക്ക് നിയമപ്രാബല്യമുള്ള കാലത്തോളം വേറിയിൽ ആ ഭൂമി നഷ്ടപ്പെട്ടുപോകാൻ സാദ്ധ്യതയുണ്ട്. അതു കണക്കിലെടുത്തുകൊണ്ട് ഇത്തരം കൃത്രിമാധാരങ്ങൾ ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: നിലവിലിരിക്കുന്ന നിയമപ്രകാരം ഈ ആധാരം രജിസ്റ്ററർ ചെയ്തുകഴിഞ്ഞാൽ ആ ആധാരം റദ്ദുചെയ്യുന്നതിന് ആധാരം എഴുതിക്കൊടുത്തയാളിനല്ലാതെ മറ്റൊരു ഏജൻസിക്കും അധികാരമില്ല. ഈ ആധാരം റദ്ദു ചെയ്തില്ലെങ്കിലും എത്രകാലം കഴിഞ്ഞാലും യാതൊരു കാരണവശാലും സർക്കാർഭൂമിക്ക് ഈ ആധാരം മുഖേന യാതൊരു അവകാശവും വരികയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബെന്നി ബഹനാൻ: കൃത്രിമാധാരങ്ങൾ തടയുന്നതിന് ഇന്നു നിലവിലുള്ള രജിസ്ട്രേഷൻ ആക്ടിൽ മാറ്റം വരുത്തണമെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അങ്ങനെ മാറ്റം വരുത്താനുള്ള അധികാരം സെൻട്രൽ ഗവൺമെൻറിനാണ്. ഇതുസംബന്ധിച്ചു സെൻട്രൽ ഗവൺമെൻറിന്റെ മുമ്പിൽ സംസ്ഥാനഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ സമർപ്പിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഇതിൽ മാറ്റങ്ങൾ വരുത്തുന്നതിലേക്ക് ഇൻഡ്യാ ഗവൺമെൻറിന്റെ മുമ്പിൽ പ്രപ്പോസൽ സമർപ്പിക്കാൻ വേണ്ടി നിയമവകുപ്പിനോട് അഭിപ്രായം ചോദിച്ചു. നിയമവകുപ്പിൽ നിന്ന് ആദ്യം അനുകൂലമായ ഉപദേശമല്ല ലഭിച്ചത്. എന്നിരുന്നാലും വീണ്ടും പരിശോധിച്ച് ഇതു സെൻട്രൽ ഗവൺമെൻറിന്റെ മുമ്പിൽ കൊണ്ടു പോകാൻ കഴിയുമോയെന്നു ഗവൺമെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സിന്റെ ശാഖ

* 537 [574] ശ്രീ. കെ. മുഹമ്മദാലി:
,, എം. എം. ഹസ്സൻ:
,, സ്റ്റീഫൻ പാദുവ:
,, എ. സി. ജോസ്:
,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സിന്റെ ശാഖ കേരളത്തിൽ സ്ഥാപിക്കാനുദ്ദേശമുണ്ടോ;

(ബി) എങ്കിൽ എവിടെ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു;

(സി) ഈ സ്ഥാപനത്തിൽ ഏർപ്പെടുത്തുന്ന സംവിധാനം എന്തൊക്കെയാണ്;

(ഡി) സംസ്ഥാന ഗവൺമെൻറ് ഇതിനായി നൽകേണ്ട വിഹിതമെത്ര;

(ഇ) ഇതുസംബന്ധിച്ചുള്ള നടപടികൾ എത്രത്തോളം പുരോഗമിച്ചു?

വനംവകുപ്പു മന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

(എ) എൻ. ഐ. എസ്സിന്റെ ഒരു ട്രെയിനിംഗ് സെൻറർ സ്ഥാപിക്കാൻ ഉദ്ദേശമുണ്ട്.

(ബി) കണ്ണൂരിലാണ് ഇതിനുവേണ്ടി സ്ഥലം നിർദ്ദേശിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly